# മഹാത്മാഗാന്ധി സർവ്വകലാശാല, കോട്ടയം

**കെ. എൻ. വേണുഗോപാലൻ കർത്ത**
പബ്ലിക് റിലേഷൻസ് ഓഫീസർ
ഫോൺ: **0481- 2731020, 2732650,**
മൊബൈൽ: **9846720402**

പി.ആർ.ഒ/36/44/2018 2018 ഫെബ്രുവരി 28

## പത്രക്കുറിപ്പ്

**വൈവാവോസി**

2017 ഡിസംബറിൽ നടത്തിയ മൂന്നും നാലും സെമസ്റ്റർ/രണ്ടാം വർഷ എം.എ. അറബിക് (പ്രൈവറ്റ് രജിസ്ട്രേഷൻ റഗുലർ, സപ്ലിമെന്ററി, മേഴ്സി ചാൻസ്) പരീക്ഷയുടെ വൈവാവോസി മാർച്ച് 6, 7 തീയതികളിൽ രാവിലെ 10 മുതൽ എറണാകുളം മഹാരാജാസ് കോളേജിലെ അറബിക് വിഭാഗത്തിൽവച്ച് നടത്തുന്നതാണ്. വിശദമായ ടൈംടേബിൾ സർവ്വകലാശാലാ വെബ്സൈറ്റിൽ ലഭ്യമാണ്.

**എം.ഫിൽ പ്രവേശന പരീക്ഷ**

മഹാത്മാഗാന്ധി സർവ്വകലാശാലാ സ്കൂൾ ഓഫ് ലെറ്റേഴ്സിൽ 2017-18ൽ എം.ഫിൽ ഇംഗ്ലീഷ്, മലയാളം, തീയ്യേറ്റർ ആർട്സ് കോഴ്സുകളിലേക്കുള്ള പ്രവേശന പരീക്ഷയും അഭിമുഖവും മാർച്ച് 7, 8 തീയതികളിൽ സ്കൂൾ ഓഫ് ലെറ്റേഴ്സിൽ വച്ച് നടത്തുന്നതാണ്. ഹാൾ ടിക്കറ്റുകൾ അയച്ചിട്ടുണ്ട്. വിവരങ്ങൾക്ക് ഫോൺ: 0481 - 2731041.

**പരീക്ഷാഫലം**

2017 ആഗസ്തിൽ നടത്തിയ ഒൻപതാം സെമസ്റ്റർ ബി.എ. ക്രിമിനോളജി എൽ.എൽ.ബി. (ഓണേഴ്സ്) പരീക്ഷയുടെ ഫലം പ്രസിദ്ധപ്പെടുത്തി. പുനർമൂല്യനിർണ്ണയത്തിനും സൂക്ഷ്മപരിശോധനയ്ക്കും മാർച്ച് 13 വരെ അപേക്ഷിക്കാം.

**എം.ജി.യിൽ പാർട്ട്ടൈം റസിഡന്റ് മെഡിക്കൽ ഓഫീസർ ഒഴിവ്**

മഹാത്മാഗാന്ധി സർവ്വകലാശാലാ ഹെൽത്ത് സെന്ററിൽ പാർട്ട്ടൈം റസിഡന്റ് മെഡിക്കൽ ഓഫീസറുടെ ഒഴിവിലേക്ക് മാർച്ച് 8ന് ഉച്ചയ്ക്ക് 12 മണിക്ക് വൈസ് ചാൻസലറുടെ കോൺഫറൻസ് ഹാളിൽ വച്ച് വാക്ക് ഇൻ ഇന്റർവ്യൂ നടത്തും. എം.ബി.ബി.എസ്./തത്തുല്യ യോഗ്യതയും കേരളാ മെഡിക്കൽ കൗൺസിലിന്റെ അംഗീകാരവുമുള്ള ഡോക്ടർമാർക്കും റിട്ടയർ ചെയ്ത ഡോക്ടർമാർക്കും പങ്കെടുക്കാം. പ്രതിഫലം പ്രതിമാസം 22000 രൂപ.ഒരു വർഷത്തേക്ക് കരാർ അടിസ്ഥാനത്തിലാണ് നിയമനം. പങ്കെടുക്കാനാഗ്രഹിക്കുന്നവർ അന്നേദിവസം രാവിലെ 10.30ന് അസ്സൽ സർട്ടിഫിക്കറ്റുകൾ സഹിതം ഭരണവിഭാഗം അസി. രജിസ്ട്രാർ 1 മുമ്പാകെ ഹാജരാകണം. കൂടുതൽ വിവരങ്ങൾക്ക് ഫോൺ: 0481 - 2733302.

**ടെക്നിക്കൽ അസിസ്റ്റന്റ് ഒഴിവ്**

മഹാത്മാഗാന്ധി സർവ്വകലാശാലാ സ്കൂൾ ഓഫ് ബയോസയൻസസിൽ ഡി.എസ്.ടി. പഴ്സ് പ്രോഗ്രാമിൽ ഒരു ടെക്നിക്കൽ അസിസ്റ്റന്റിന്റെ താൽക്കാലിക ഒഴിവുണ്ട്. എം.എസ്.സി. - ബയോഫിസിക്സ്/മൈക്രോബയോളജി/ബയോടെക്നോളജി/ബയോകെമിസ്ട്രി എന്നിവയിലേതെങ്കിലും ഒന്നാണ് യോഗ്യത. പ്രവൃത്തിപരിചയം അഭിലഷണീയം. പ്രതിഫലം പ്രതിമാസം 11000 രൂപ. താല്പര്യമുള്ളവർ അസ്സൽ സർട്ടിഫിക്കറ്റുകളുമായി മാർച്ച് 9ന് രാവിലെ 11 മണിക്ക് സ്കൂൾ ഓഫ് ബയോസയൻസസിൽ ഹാജരാകണം.

**ജൈവം: നൂറുമേനി കൊയ്തെടുത്ത് ദേവമാതാ എൻ.എസ്.എസ്.**

മഹാത്മാഗാന്ധി സർവ്വകലാശാലയുടെ ജൈവം പദ്ധതിയുടെ ഭാഗമായി കുറവിലങ്ങാട് ദേവമാതാ കോളേജ് എൻ.എസ്.എസ്. യൂണിറ്റ് നടത്തിയ സമ്പൂർണ്ണ ജൈവ നെൽകൃഷിയുടെ വിളവെടുപ്പ് നാടിനുത്സവമായി. കുറവിലങ്ങാട് കാളികാവിൽ തരിശുകിടന്ന രണ്ടേക്കർ നിലത്താണ് കൃഷിയിറക്കിയത്. കൃഷിവകുപ്പിന്റെ മാർഗ്ഗനിർദ്ദേശത്തിൽ ഉമ നെൽവിത്തിനമാണ് വിതച്ചത്. എൻ.എസ്.എസ്. പ്രോഗ്രാം ഓഫീസർമാരായ ഡോ. ജയ്സൺ പി. ജേക്കബ്, പ്രസീദ മാത്യു, വോളണ്ടിയർ സെക്രട്ടറിമാരായ കോളിൻ ജോൺസൺ, സാന്ദ്ര ആർ. കുമാർ എന്നിവരുടെ നേതൃത്വത്തിൽ നൂറോളം വിദ്യാർ

ത്ഥികൾ വിവിധ ഘട്ടങ്ങളിൽ കാർഷികവൃത്തിയിൽ ഏർപ്പെട്ടു. രാസവളങ്ങളും കീടനാശിനികളും ഉപേക്ഷിച്ച് തികച്ചും ജൈവ രീതിയിലാണ് കൃഷി നടപ്പാക്കിയത്. യുവജനങ്ങൾ കാർഷികവൃത്തിയിൽ നിന്ന് അകന്നുപോവുക വഴി നെല്ലറകൾ കേരളത്തിന് അന്യമാവുന്ന ഇന്നത്തെ സാഹചര്യത്തിൽ ജൈവകൃഷിയുടെ മഹത്വത്തെ തിരിച്ചറിയുവാനുള്ള ആഹ്വാനവും ഉണർത്തുപാട്ടുമാണ് ഇത് എന്ന് വിളവെടുപ്പ് ഉത്സവം ഉദ്ഘാടനം ചെയ്ത കോളേജ് മാനേജർ റവ. ഡോ. ജോസഫ് തടത്തിൽ അഭിപ്രായപ്പെട്ടു. എം.ജി. സർവ്വകലാശാലാ ജൈവം കോ-ഓർഡിനേറ്റർ ജി. ശ്രീകുമാർ, ജൈവം ടെക്നിക്കൽ അഡ്വൈസർ എബ്രഹാം മാത്യു, കുറവിലങ്ങാട് പഞ്ചായത്ത് പ്രസിഡന്റ് പി.സി. കുര്യൻ, കാണക്കാരി പഞ്ചായത്ത് പ്രസിഡന്റ് ചെറിയാൻ മാത്യു, വാർഡ് മെമ്പർ സജി ജോസഫ്, കൃഷി ഓഫീസർമാരായ ഷാജൻ ജോസഫ്, മിനി തമ്പി, കോളേജ് പ്രിൻസിപ്പൽ ഡോ. ഫിലിപ്പ് ജോൺ, ബർസാർ റവ. ഫാ. കുര്യാക്കോസ് വെള്ളച്ചാലിൽ തുടങ്ങിയവർ സംസാരിച്ചു. ദേവമാതാ കോളേജ് ഫോക്‌ലോർ ക്ലബ്ബിലെ ഗായകർ കൊയ്ത്തുപാട്ടുകൾ അവതരിപ്പിച്ചു.

**അടിക്കുറിപ്പ്**

**ജൈവം പദ്ധതിയുടെ ഭാഗമായി കുറവിലങ്ങാട് ദേവമാതാ കോളേജ് എൻ.എസ്.എസ്. യൂണിറ്റിന്റെ ആഭിമുഖ്യത്തിൽ രണ്ടേക്കർ തരിശുപാടത്ത് നടത്തിയ ജൈവ നെൽകൃഷിയുടെ കൊയ്ത്തുദ്ഘാടനം കോളേജ് മാനേജർ റവ. ഫാ. ജോസഫ് തടത്തിൽ നിർവ്വഹിക്കുന്നു.**

**<u>എം.ജി.യിൽ പ്രിൻസിപ്പൽമാരുടെ യോഗം</u>**

മഹാത്മാഗാന്ധി സർവ്വകലാശാലയിലെ അഫിലിയേറ്റഡ് കോളേജ് പ്രിൻസിപ്പൽമാരുടെ യോഗം വൈസ് ചാൻസലറുടെ ചുമതലയുള്ള പ്രൊഫ. സാബു തോമസിന്റെ അദ്ധ്യക്ഷതയിൽ നടത്തി. 2018ലെ നാലും ആറും സെമസ്റ്റർ ബിരുദ പരീക്ഷകളുടെ മൂല്യനിർണ്ണയ ക്യാമ്പ്, ചോദ്യബാങ്ക്, ബിരുദാനന്തര ബിരുദ കോഴ്സുകളുടെ സിലബസ് പരിഷ്ക്കരണം എന്നീ വിഷയങ്ങൾ യോഗം ചർച്ച ചെയ്തു. സിൻഡിക്കേറ്റ് പരീക്ഷാ കമ്മിറ്റി കൺവീനർ ഡോ. ആർ. പ്രഗാഷ്, സിൻഡിക്കേറ്റംഗങ്ങളായ പ്രൊഫ. ടോമിച്ചൻ ജോസഫ്, അഡ്വ. പി.കെ. ഹരികുമാർ, ഡോ. പി. കെ. പത്മകുമാർ, ഡോ. കെ. ഷെറഫുദ്ദീൻ, ഡോ. എ. ജോസ്, ഡോ. റോയ് സാം ഡാനിയേൽ, പ്രൊഫ. തോമസ് മാത്യു, പരീക്ഷാ കൺട്രോളർ ഡോ. തോമസ് ജോൺ മാമ്പ്ര, ജോയിന്റ് രജിസ്ട്രാർ സി. രവീന്ദ്രൻ എന്നിവർ പങ്കെടുത്തു.

**അടിക്കുറിപ്പ്**

**മഹാത്മാഗാന്ധി സർവ്വകലാശാലയിലെ ആർട്സ് ആന്റ് സയൻസ് കോളേജ് പ്രിൻസിപ്പൽമാരുടെ യോഗത്തിൽ വൈസ് ചാൻസലറുടെ ചുമതലയുള്ള പ്രൊഫ. സാബു തോമസ് സംസാരിക്കുന്നു**

**പബ്ലിക് റിലേഷൻസ് ഓഫീസർ (ഇൻ ചാർജ്)**